പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5777.

9.7.2012- ൽ
മറുപടിയ്ക്ക്

## സംസ്ഥാനത്തെ സംഗീത കോളേജുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജുപോൾ: | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) |
| (എ) സംസ്ഥാനത്തെ സംഗീത കോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സർക്കാർ/സ്വകാര്യ മേഖലകളിൽ എത്ര സംഗീത കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; | (ബി) സർക്കാർ മേഖലയിൽ മൂന്ന് സംഗീത കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ സംസ്ഥാനത്ത് സംഗീത കോളേജുകൾ നിലവിലില്ല. |
| (സി) ഗവൺമെന്റ് സംഗീത കോളേജുകളിൽ ഒരു വർഷം എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത് ; | (സി) ഗവൺമെന്റ് സംഗീത കോളേജുകളിൽ ഒരു വർഷം 468 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു. |
| (ഡി) സംസ്ഥാനത്തെ സർക്കാർ -എയ്ഡഡ് - അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്; വ്യക്തമാക്കുമോ ; | (ഡി) സർക്കാർ സംഗീത കോളേജുകളിൽ ആകെ 69 സംഗീത അദ്ധ്യാപകർ ജോലി ചെയ്യുന്നു. സ്കൂൾ തലത്തിൽ, സർക്കാർ മേഖലയിൽ 336 ഉം എയ്ഡഡ് മേഖലയിൽ 581 ഉം അൺ എയ്ഡഡ് മേഖലയിൽ 199 ഉം സംഗീത അദ്ധ്യാപകർ ജോലി ചെയ്യുന്നു. |
| (ഇ) സർക്കാർ - എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ സംഗീത അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ ; | (ഇ) ഹൈസ്കൂൾ വിഭാഗത്തിൽ VIII ലും IX ലും ആയി 5 പീരീഡുകൾ ഉണ്ടെങ്കിൽ ഒരു ഫുൾടൈം ഡ്രോയിംഗ് അല്ലെങ്കിൽ മ്യൂസിക് ടീച്ചർ അല്ലെങ്കിൽ ഒരു തയ്യൽ ടീച്ചറുടെ തസ്തിക അനുവദനീയമാണ്. അതായത് VIII ാം ക്ലാസ്സിൽ മൂന്ന് ഡിവിഷനുകളും IX ാം ക്ലാസ്സിൽ രണ്ട് ഡിവിഷനുകളും നിലവിലുണ്ടെങ്കിൽ |

മുകളിൽ സൂചിപ്പിച്ച തസ്തികകളിലേതെങ്കിലും ഒന്ന് അനുവദിക്കാവുന്നതാണ്. ആർട്ട് ഗ്രൂപ്പിൽ ഒരു ഡ്രോയിംഗ് തസ്തിക നിലവിലുണ്ടെങ്കിൽ ആർട്ട് ഗ്രൂപ്പിൽ പ്പെട്ട രണ്ടാമത്തെ തസ്തിക (മ്യൂസിക്) അല്ലെങ്കിൽ ക്രാഫ്റ്റ് ഗ്രൂപ്പിലെ ഒരു തസ്തിക അനുവദിക്കുന്നതിന് ഓരോ ഗ്രൂപ്പിലും 26 പീരീഡുകൾ ആവശ്യമാണ്.

| | |
|---|---|
| (എഫ്) വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ എല്ലാ സ്കൂളുകളിലും സംഗീത അദ്ധ്യാപകരെ നിയമിക്കാൻ തയ്യാറാകുമോ? | (എഫ്) 01.10.2011 - ലെ സ.ഉ(അ)199/2011/പൊ.വി.ഉത്തരവു പ്രകാരമുള്ള അദ്ധ്യാപക പാക്കേജ് പൂർണ്ണമായി നടപ്പിലാക്കുന്നതോടുകൂടി എല്ലാ വിദ്യാലയങ്ങളിലും ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപകന്റെ സേവനം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ.